# കേരള സർക്കാർ

## ധനകാര്യ (എക്സ്പെ. ബി) വകുപ്പ്

## സർക്കുലർ

നമ്പർ 61/2008/ധന. തിരുവനന്തപുരം, 2008 ഒക്ടോബർ 15.

*വിഷയം:*—വിവരാവകാശ നിയമം-2005—നടപടികൾ സംബന്ധിച്ച്:

*സൂചന:*—16-6-2004-ലെ ഫെറ്റോ ജനറൽ സെക്രട്ടറിയുടെ കത്ത്.

വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫീസ്, രേഖകൾക്കുള്ള ഫീസ് എന്നിവ ട്രഷറിയിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. എന്നാൽ രേഖകളുടെ പകർപ്പെടുപ്പിക്കുന്നതിനുള്ള സൗകര്യം മിക്ക ഓഫീസുകളിലും ലഭ്യമല്ലാത്തതിനാൽ പല സാങ്കേതിക ബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നതായി സൂചനയിലെ കത്തിൽ പരാമർശിക്കുന്നു. അതിനാൽ രേഖകളുടെ പകർപ്പെടുക്കുന്നതിനുള്ള ഫീസ് പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും അക്കാര്യത്തിനു വേണ്ടിയുള്ള ചെലവുകൾ പ്രസ്തുത അക്കൗണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഫെറ്റോ ജനറൽ സെക്രട്ടറിയുടെ കത്തിൽ പറയുന്നു. നിശ്ചിത സമയത്തിനകം വിവരങ്ങൾ നൽകാൻ കഴിയാത്തപക്ഷം യാതൊരു ഫീസും ഇല്ലാതെ വിവരങ്ങൾ നൽകണമെന്ന് വിവരാവകാശ നിയമം റൂൾ 7 (6)-ൽ വിശദീകരിക്കുന്നതിനാൽ, ഇത്തരം സംഗതികളിൽ പണം തിരിച്ചു നൽകേണ്ടതുണ്ടെന്നും ആയത് തിരിച്ചു നൽകുന്നതിന് മേൽപ്പറഞ്ഞ നടപടി എളുപ്പമായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ച് താഴെ പറയുംപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുമ്പോഴുണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിലേക്കായി, ചെലവുകൾക്ക് വേണ്ടിവരുന്ന തുക അതാത് ഓഫീസിന്റെ '05-4' ഓഫീസ് ചെലവുകൾ, മറ്റിനങ്ങൾ അല്ലെങ്കിൽ

'34 മറ്റു ചെലവുകൾ' എന്ന ഉപശീർഷകത്തിൽനിന്നും വഹിക്കാവുന്നതാണ്. പൊതുജനങ്ങൾ വിവര ലഭ്യതയ്ക്കായി ഒടുക്കുന്ന തുക 0070-60-800-36-Receipts under Right to Information Act-2005 (വിവരാവകാശ നിയമപ്രകാരമുള്ള വരവ്-2005) എന്ന ശീർഷകത്തിലും അടയ്ക്കാവുന്നതാണ്.

വിവരാവകാശ നിയമപ്രകാരം അപേക്ഷകർ ഒടുക്കിയ തുക തിരിച്ചു നൽകേണ്ട സാഹചര്യത്തിൽ "0070-60-900-99 കിഴിവ് തിരിച്ചടയ്ക്കൽ" എന്ന ശീർഷകത്തിൽ കുറവു വരുത്തി നൽകാവുന്നതാണ്.

റ്റി. കെ. മനോജ് കുമാർ,
*സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ).*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പ് തലവൻമാർക്കും.

സെക്രട്ടറി സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.

നോഡൽ ഓഫീസർ.

സ്റ്റോക്ക് ഫയൽ/ഒ.സി.